"ഭരണഭാഷ- മാതൃഭാഷ"



കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഓർത്തോപീഡിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.സുരേഷ് ലാൽ.എസ്. ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA-1092/2022-മേലുള്ള 07.06.2023-ലെ വിധിന്യായം പൂർണ്ണമായി അനുപാലിച്ചുകൊണ്ട് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.1519/2023/H&FWD തീയതി,തിരുവനന്തപുരം, 26-06-2023

---

പരാമർശം:-

1. OA-1092/2022-മേലുള്ള ബഹു:അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16.11.2022-ലെ വിധിന്യായം.
2. സ.ഉ (സാധാ) നം.2935/2022/ആകുവ തീയതി 12.12.2022.
3. 19.12.2022-ലെ ഇ.എ1-10452/2022/ആവഡ നമ്പർ നടപടിക്രമം.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 31.05.2023-ലെ ഇ.എ1-9551/2023/ആവഡ നമ്പർ കത്ത്.
5. OA-1092/2022-മേലുള്ള ബഹു:അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 07.06.2023-ലെ ഇടക്കാല ഉത്തരവ്.

ഉത്തരവ്

ആരോഗ്യ വകുപ്പ് സ്പെഷ്യാലിറ്റി കേഡർ ജൂനിയർ കൺസൾട്ടന്റ്മാരുടെ 2021 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഓർത്തോപീഡിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.സുരേഷ്ലാൽ എസ്.-നെ എറണാകുളം കരുവേലിപ്പടി ഗവൺമെന്റ് മഹാരാജാസ് താലൂക്ക് ആശുപത്രിയിലേക്ക് സ്ഥലംമാറ്റി ഉത്തരവായിരുന്നു. ടിയാന്റെ സഹോദരൻ മാനസികാസ്വാസ്ഥ്യമുള്ള വ്യക്തിയെന്ന വിഷയത്താൽ ഡോ.സുരേഷ്ലാൽ പ്രസ്തുത സ്ഥലംമാറ്റത്തിനെതിരെ ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA 1092/2022 ഫയൽ ചെയ്യുകയും, ബഹു:ട്രിബ്യൂണലിന്റെ പരാമർശം (1) വിധിന്യായം അനുപാലിച്ച് കൊണ്ട് പുറപ്പെടുവിച്ച പരാമർശം (2) സർക്കാർ ഉത്തരവിൽ ഡോ.സുരേഷ്ലാലിന് ടിയാന്റെ വാസസ്ഥലത്തിനടുത്തുള്ള ഏതെങ്കിലും സ്ഥാപനത്തിൽ accommodate ചെയ്യുന്നതിന് നിയമനാധികാരിയായ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

ഡോ.സുരേഷ്‌ലാലിന്റെ മാതൃജില്ലയായ കൊല്ലം ജില്ലയിൽ ജൂനിയർ കൺസൾട്ടന്റ് ഓർത്തോപീഡിക്സ് തസ്തികയിൽ ഒഴിവ് നിലവിലില്ലാത്തതിനാൽ പരാമർശം (3) നടപടിക്രമ പ്രകാരം ഡോ.സുരേഷ്‌ലാലിനെ 6 മാസത്തേക്ക് കൊട്ടാരക്കര താലൂക്കാസ്ഥാന ആശുപത്രിയിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ നിയമിച്ചിരുന്നു.

2) ജോലിക്രമീകരണ വ്യവസ്ഥയിലെ നിയമനത്തിന്റെ കാലാവധി 18.06.2023-ന് അവസാനിക്കുന്നതിനാൽ ജോലിക്രമീകരണ വ്യവസ്ഥയിലെ നിയമന കാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന് 09.05.2023 തീയതിയായി സമർപ്പിച്ച അപേക്ഷയിൽ ഡോ.സുരേഷ്‌ലാൽ ആവശ്യപ്പെട്ടിരിക്കുന്നതായും, നിലവിൽ കൊല്ലം ജില്ലയിൽ ജൂനിയർ കൺസൾട്ടന്റ് ഓർത്തോപീഡിക് സർജൻ തസ്തികയിൽ ഒഴിവ് നിലവിലില്ലാത്തതിനാൽ ടിയാനെ കൊല്ലം ജില്ലയിൽ നിയമനം നൽകുവാൻ നിർവ്വാഹമില്ല എന്നും, ജോലിക്രമീകരണ വ്യവസ്ഥയിലുള്ള നിയമനകാലാവധി ദീർഘിപ്പിച്ചു നൽകേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (4) കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3) OA 1092/2022-മേലുള്ള 16.11.2022-ലെ വിധിന്യായം പൂർണ്ണമായി അനുപാലിച്ചു നൽകിയിട്ടില്ല എന്ന് കാണിച്ച് ഡോ.സുരേഷ്‌ലാൽ വീണ്ടും ബഹു:ട്രിബ്യൂണലിനെ സമീപിക്കുകയും, 16.11.2022-ലെ വിധിന്യായം പൂർണ്ണമായും അനുപാലിക്കാത്തത് സംബന്ധിച്ച് എതിർകക്ഷികൾ ട്രിബ്യൂണൽ മുമ്പാകെ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുവാൻ 07.06.2023 തീയതിയിലെ ഇടക്കാല ഉത്തരവ് പ്രകാരം ബഹു:ട്രിബ്യൂണൽ നിർദ്ദേശം നൽകിയിരുന്നു.

4) സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചു. 90% മാനസികാസ്വാസ്ഥ്യമുള്ള സഹോദരന്റെ നിയമപരമായ സംരക്ഷകനായ ഡോ.സുരേഷ് ലാൽ എസ്.-നെ താമസസ്ഥലത്തിനടുത്തുള്ള ഏതെങ്കിലും സ്ഥാപനത്തിൽ accommodate ചെയ്യണമെന്ന പരാമർശ (1) വിധിന്യായത്തിലെ നിർദ്ദേശം അനുപാലിച്ചു കൊണ്ട് ഡോ.സുരേഷ് ലാൽ.എസ്.-നെ കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിൽ 19.12.2022 മുതൽ 6 മാസത്തേക്ക് ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ച പരാമർശം (3) നടപടിക്രമത്തിന്റെ തുടർച്ചയായി, ഡോ.സുരേഷ് ലാലിനെ കൊല്ലം ജില്ലയിൽ നിയമനം നൽകുന്നതിന് ജില്ലയിൽ ജൂനിയർ കൺസൾട്ടന്റ് ഓർത്തോപീഡിക് സർജറി വിഭാഗത്തിൽ ഒഴിവ് നിലവിലില്ലാത്തതിനാൽ, ഡോ.സുരേഷ് ലാൽ. എസ് -ന് , കൊട്ടാരക്കര താലൂക്കാസ്ഥാന ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള ജോലി ക്രമീകരണം 19.06.2023 മുതൽ 1 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകിക്കൊണ്ടും, അപേക്ഷകന്റെ താമസസ്ഥലത്തിനടുത്തുള്ള

ഏതെങ്കിലും സ്ഥാപനത്തിൽ തൊട്ടടുത്തുണ്ടാകുന്ന ഒഴിവിൽ മെഡിക്കൽ ഓഫീസർക്ക് തുടർ നിയമനം നൽകേണ്ടതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

5) OA-1092/2022-ന്മേലുള്ള ബഹു:അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16.11.2022-ലെ വിധിന്യായം ഇതിനാൽ പൂർണ്ണമായി അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (പേര് വച്ച കവറിൽ).
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കൊല്ലം / എറണാകുളം.
ഡോ.സുരേഷ് ലാൽ.എസ്., ജൂനിയർ കൺസൾട്ടന്റ് (ഓർത്തോപീഡിക്സ്), ചാരുവിള പുത്തൻവീട്, അക്കൽ.പി.ഒ., ഓയൂർ, കൊട്ടാരക്കര, കൊല്ലം - 691 516.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 27-06-2023 12:56:23

മേലെഴുത്ത് നം. ഇ എ1-9551/2023/ആ.വ.ഡ, തീയതി 05.07.2023

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽനടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

(ഒപ്പ്)
ആ.വ.ഡയറക്ടർക്ക് വേണ്ടി